# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/7506/2011 തീയതി:06-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. റോണി ഗ്രൈന്റേഴ്സ് - കൈമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.
2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.
3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013
4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.
5) ഈ ഓഫീസിലെ 13-01-94 ലെ ബി1-2526/91-ാം നമ്പർ നടപടിക്രമം.
6) ഈ ഓഫീസിലെ 28-01-12 ലെ ബി4/2526/11-ാം നമ്പർ നടപടിക്രമം.
7) ശ്രീമതി മറിയാമ്മ സ്കറിയ, ശ്രീ.ഇ.എസ്.തോമസ്, ശ്രീ.ഇ.എസ്. ഫിലിപ്പ്, ശ്രീമതി ഷേർളി എന്നിവരുടെ സംയുക്ത അപേക്ഷ.
8) ശ്രീ.ഇ.എസ് തോമസിന്റെ അപേക്ഷ.
9) വ്യവസായ വാണിജ്യ ഡയറക്ടറുടെ 27-10-16 ലെ ഐ. ഡി1/13277/2016-ാം നമ്പർ അനൗദ്യോഗിക കത്ത്.
10) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ 732/2017/ഐ.ഡി തീയതി 24-05-2017.
11) 05-10-17 ലെ DILAC യോഗം.
12) ഈ ഓഫീസിലെ 15-11-17 ലെ ഇതേ നമ്പർ കത്ത്.
13) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ. ഡി5/1127/2013-ാം നമ്പർ സർക്കുലർ.

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 489/2 ൽ പെട്ട 13 സെന്റ് സ്ഥലം ശ്രീ. എ.എം രാജു, ആശാരിപറമ്പിൽ ഹൗസ്, മള്ളൂശേരി പി.ഒ യ്ക്ക് സൂചന (5) പ്രകാരം മെ. റോണി ഗ്രൈന്റേഴ്സ് എന്ന പേരിൽ ഹവായ് വേസ്റ്റ് പൗഡർ നിർമ്മാണത്തിനായി അനുവദിച്ചിരുന്നു സൂചന (6) പ്രകാരം ടി യൂണിറ്റും സ്ഥലവും ശ്രീ.എബ്രഹാം സ്കറിയ, എഴുമായിൽ ഹൗസ്, ചാന്നാനിക്കാട് പി.ഒയ്ക്ക് മേൽ പ്രവർത്തനത്തിനുതന്നെ കൈമാറി നൽകി ഉത്തരവായിരുന്നു. 19-04-14- ൽ ശ്രീ എബ്രഹാം സ്കറിയ മരണപ്പെടുകയും പിൻതുടർച്ചാവകാശ നിയമം അനുസരിച്ച് ടി യൂണിറ്റും സ്ഥലവും അനന്തരാവകാശികളായ ശ്രീമതി മറിയാമ്മ സ്കറിയ, ശ്രീ.ഇ.എസ് തോമസ്, ശ്രീ.ഇ.എസ് ഫിലിപ്പ്, ശ്രീമതി ഷേർളി എന്നിവർക്ക് അവകാശപ്പെട്ടതാകുകയും സൂചന (7) പ്രകാരം ടിയാൾക്കാരുടെ സംയുക്ത അപേക്ഷ പ്രകാരം മെ.റോണിഗ്രൈന്റേഴ്സ് എന്ന യൂണിറ്റും 13 സെന്റ് സ്ഥലവും ശ്രീ.ഇ.എസ് തോമസിന് കൈമാറി നൽകുന്നതിന് അപേക്ഷിച്ചിരിക്കുകയും ചെയ്തിരുന്നു.. സൂചന (8) പ്രകാരം ശ്രീ.ഇ.എസ് തോമസ് യൂണിറ്റ് കൈമാറി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ചെക്ക് ലിസ്റ്റ് പ്രകാരമുള്ള എല്ലാ രേഖകളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 05-10-17 ലെ ജില്ലാ ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയിൽ പരിഗണിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും സൂചന (12) മുഖേന അപേക്ഷയും അനുബന്ധരേഖകളും വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്ത് അയയ്ക്കുകയും ചെയ്തു.

Manager (RET)

യൂണിറ്റ് നിലവിലെ നിരക്കനുസരിച്ചുള്ള സ്ഥലവില വ്യത്യാസം വന്നിട്ടുള്ള തുകയും സ്ഥലവിലയുടെ 10% പ്രോസസിംഗ് ഫീസും അടച്ചിട്ടുണ്ട്. സൂചന (13) ലെ സർക്കുലർ പ്രകാരം ഡി.എ/ഡി.പി കളിൽ അസൈൻമെന്റ് ലഭിച്ചിട്ടില്ലാത്ത യൂണിറ്റുകളുടെ കൈമാറ്റം/ഘടനാമാറ്റം എന്നിവയ്ക്ക് അംഗീകാരം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ചുമതല നൽകിയിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് താഴെ പറയും പ്രകാരം കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ, പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 489/02 ൽ പെട്ട 13 സെന്റ് സ്ഥലവും മെ. റോണി ഗ്രൈന്റേഴ്സ് എന്ന സ്ഥാപനവും ശ്രീ.ഇ.എസ് തോമസ്, എഴുമായിൽ, ചാന്നാനിക്കാട് പി.ഒ എന്ന സംരംഭകന് ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ കൈമാറ്റം ചെയ്ത് ഉത്തരവാകുന്നു.

1) ശ്രീ.ഇ.എസ് തോമസ് സൂചനയിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകൾ പ്രകാരം സർക്കാരുമായുള്ള ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
2) സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതുമാണ്.
3) ഉത്തരവു തീയതി മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ ആക്ടിവിറ്റി/കൈമാറ്റം/മാനേജ്മെന്റ് മാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം ശ്രീ.ഇ.എസ് തോമസ് സമർപ്പിക്കേണ്ടതാണ്.
4) എഗ്രിമെന്റ്, സത്യവാങ്മൂലം എന്നിവ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഈ ഓഫീസിലെ ഡി.എ/ഡി.പി കളിലെ അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയിരിക്കുന്നു.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീ. ഇ.എസ് തോമസ്, എഴുമായിൽ, ചാന്നാനിക്കാട് പി.ഒ.,
2) ശ്രീമതി മറിയാമ്മ സ്കറിയ, എഴുമായിൽ, ചാന്നാനിക്കാട് പി.ഒ
3) ശ്രീ.ഇ.എസ് ഫിലിപ്പ്, എഴുമായിൽ, ചാന്നാനിക്കാട് പി.ഒ.,
4) ശ്രീമതി ഷേർളി, ഓതറ പുത്തൻപുരയിൽ, കുഴിമറ്റം പി.ഒ., ചിങ്ങവനം.

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 09-07-18